പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2889 18/08/2017 ൽ മറുപടിയ്ക്ക്

# മലപ്പുറം ജില്ലയിലെ റീസർവ്വെ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | മലപ്പുറം ജില്ലയിലെ റീസർവ്വെ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ ; | (എ) | മലപ്പുറം ജില്ലയിൽ ആകെയുള്ള 138 വില്ലേജുകളിൽ 56 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായി. 82 വില്ലേജുകളിൽ റീസർവ്വേ ശേഷിക്കുന്നു. |
| (ബി) | ജില്ലയിലെ സർവ്വെ ജീവനക്കാരെ ഇതര ജില്ലകളിൽ നിയമിച്ചതും സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചതും മൂലം റീസർവ്വെ നടപടികൾ സ്തംഭിച്ചിരിക്കുന്ന സാഹചര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | മലപ്പുറം ജില്ലയിൽ റീസർവ്വെ നടപടികൾ സ്തംഭിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | ജില്ലയിലെ ഓരോ താലൂക്കിലും എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (സി) | തിരൂരങ്ങാടി - 7<br>തിരൂര് - 4<br>ഏറനാട് -19<br>പെരിന്തൽമണ്ണ -0<br>പൊന്നാനി -0<br>നിലമ്പൂര് -14<br>കൊണ്ടോട്ടി -12 |
| (ഡി) | മറ്റു ജില്ലകളിൽ നിയമിച്ച ജീവനക്കാരെ തിരിച്ച് വിളിക്കുവാനും ജില്ലയിലെ റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ ? | (ഡി) | മറ്റു ജില്ലകളിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച ജീവനക്കാർക്ക് നൽകിയിട്ടുള്ള വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് തിരികെ നിയമിക്കുന്നതും ജില്ലയിലെ റീസർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ